**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 10/07/2017 തീയതിയിലെ സ.ഉ(സാധാ)നം.942/2017/പൊ.മ.വ ഉത്തരവ് പ്രകാരം 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി 1.32 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. എൽ.എ തഹസിൽദാർ, കിഫ്ബി പാലക്കാട്-നെ ടി പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി നിയമിക്കുകയും 12.09.2025-ന് റവന്യൂ കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (ബി) | പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി ഭൂമിഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ പാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച ആയതിനു കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനു ശേഷം പാലം നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ